അവതാരിക

ളാത്തറക്കവിതയുടെ വേരും വഴിയും

ഡോ. സ്കറിയാ സക്കറിയ

എ.റ്റി. ളാത്തറയുടെ "ക്രിസ്തുഗീത" പാരമ്പര്യബലമുള്ള ഭക്തികാവ്യമാണ്. കാവ്യാഖ്യായിക എന്ന് ഉപശീർഷകം. രണ്ടു തരത്തിലുള്ള പാരമ്പര്യധാരകളുടെ കലർപ്പാണ് ഈ കാവ്യാഖ്യായികയുടെ പ്രത്യേകത. ഒന്ന്, ഇതിവൃത്തപരമായ പാരമ്പര്യബലം. യേശുക്രിസ്തുവിന്റെ അവതാരകഥയാണ് ക്രൈസ്തവപാരമ്പര്യം പിന്തുടർന്നു കവി പുനരാഖ്യാനം ചെയ്യുന്നത്. ക്രിസ്തുചരിത്രം കാവ്യരൂപത്തിൽ മലയാളത്തിൽ പുനരാഖ്യാനം ചെയ്ത പ്രമുഖരെല്ലാം മുഖ്യധാരയോടു ചേർന്നു കഥ പറഞ്ഞു പോകുകയാണു ചെയ്യുന്നത്. അർണോസ് പാതിരി, ചേങ്കോട്ട് കുരുവിള ആശാൻ, വത്സലശാസ്ത്രിയാർ, ടി.ആർ.നായർ, കെ.വി. സൈമൺ, കട്ടക്കയം ചെറിയാൻ മാപ്പിള, കണ്ടത്തിൽ വറുഗീസ് മാപ്പിള, പുത്തൻകാവു മാത്തൻ തരകൻ, പ്രവിത്താനം ദേവസ്യ, മാത്യു ഉലകംതറ, ഡോ. റ്റി.വി. മാത്യു തുടങ്ങിയവരുടെ ബൈബിളധിഷ്ഠിത രചനകൾ ഓർമ്മിക്കുക. മനോധർമ്മപ്രസരം കൊണ്ടു ഭാവനാഭൂപടങ്ങൾ മാറ്റിവരയ്ക്കാൻ ബൈബിൾ പുനരാഖ്യാനത്തിൽ ധാരാളം അവസരങ്ങളുണ്ടെങ്കിലും അക്കാര്യത്തിൽ ഏറെ ഉത്സാഹികളല്ല മിക്ക ക്രൈസ്തവ കവികളും. ക്രൈസ്തവസഭകളിലെ വിശ്വാസപ്രമാണങ്ങൾ വിസ്തരിക്കുന്ന പ്രതിപാദ്യങ്ങളാണ് കവികൾ വിശ്വസ്തതാപൂർവ്വം മലയാളത്തിൽ പുനരാഖ്യാനം ചെയ്തു കാണുന്നത്. മത

ക്ലാസിക്കുകളെ-ഭാരതീയ ഇതിഹാസങ്ങൾ, ബൈബിൾ തുടങ്ങിയവയെ-നേർക്കുനേർ സർഗ്ഗാത്മകമായി എതിരിടുന്നവരാണ് നല്ല ആസ്വാദകർ എന്ന അഭിപ്രായം നമ്മുടെ കവികളെ ഏറെ സ്വാധീനിച്ചിട്ടില്ല. കുമാരനാശാനാണ് ശ്രദ്ധേയമായ ഒരു അപവാദം. ഗദ്യ രചയിതാക്കളാണ് കുറെയെങ്കിലും ധൈര്യപ്പെട്ട് സർഗ്ഗാത്മക വായനയ്ക്കു ഒരുമ്പെട്ടു കണ്ടിട്ടുള്ളത്. ദസ്തയോവ്സ്കി, കസാന്തിസാക്കിസ്, കുട്ടിക്കൃഷ്ണമാരാർ, പി.കെ. ബാലകൃഷ്ണൻ, സി.എൻ. ശ്രീകണ്ഠൻനായർ, എം.ടി. വാസുദേവൻനായർ, സക്കറിയ തുടങ്ങിയവരുടെ പുനർവായനകൾ ഇതിഹാസങ്ങളിൽ നിന്നു സമകാലികമായ പുത്തനറിവുകൾ ഉണ്ടാക്കി. പൊതുവെ നമ്മുടെ കവികൾ ഇത്തരം പുത്തൻ അനുഭവങ്ങൾക്കു വേണ്ടി പുരാണങ്ങളിൽ സാഹസിക പര്യടനം നടത്തിക്കണ്ടിട്ടില്ല. പരമ്പരാഗത സന്ദേശങ്ങൾ കാവ്യകലാസങ്കേതങ്ങളുടെ പിൻബലത്തോടെ പ്രകാശമാനമാക്കി അവതരിപ്പിക്കാനാണ് അവർക്കു താത്പര്യം. കാവ്യവിദ്യകൊണ്ട് ഒരു നടരാജനെ സൃഷ്ടിച്ചു കാവ്യശില്പത്തിൽ തുടർചലനം ഉൾച്ചേർത്തു 'പരമാർത്ഥത്തെക്കാൾ പരമാർത്ഥം' (more than the real) എന്നു പറയിക്കാൻ പ്രമുഖ കവികൾ മെനക്കെട്ടു കണ്ടില്ല. ചിന്താവിഷ്ടയായ സീതയാണ് ശ്രദ്ധേയമായ അപവാദം.

പൊതുസമ്മതമുള്ള കാര്യങ്ങൾ പറയാൻ ശ്രദ്ധിക്കുന്ന കവികൾ മതേതിഹാസങ്ങളുടെ പുനരാഖ്യാനത്തിലൂടെ പ്രകടമാക്കുന്ന ഉപഭോഗകർത്തൃത്വമാണ്, സർഗ്ഗാത്മക കർത്തൃത്വമല്ല. കണ്ണശ്ശൻ, എഴുത്തച്ഛൻ തുടങ്ങിയവരുടെ രാജപാതയാണിത്. കൊള്ളൽക്കൊടുക്കൽ വായനയുടെയും എതിർവായനയുടെയും സർഗ്ഗാത്മക ഉദാഹരണങ്ങൾ കാവ്യചരിത്രത്തിൽ വിരളമാണ്. ചെറുശ്ശേരി, നളചരിതകാരൻ, നമ്പ്യാർ തുടങ്ങിയവരുടെ കൃതികളിലാണ് സർഗ്ഗാത്മക നിഷേധത്തിന്റെ തലപ്പുള്ളത്. ബൈബിൾ വായനയിൽ സി.ജെ. തോമസ്, സക്കറിയ തുടങ്ങിയവരുടെ കൃതികളിലാണ് സർഗ്ഗാത്മക നിഷേധ പാരമ്പര്യത്തിന്റെ തലപ്പുള്ളത്. ബൈബിൾ വായനയിൽ സി.ജെ. തോമസ്, സക്കറിയ തുടങ്ങിയവരുടെ നിഷേധവായനകൾ ഏറെ പ്രസക്തങ്ങളാണ്. ലോകസാഹിത്യം പൊതുവെ പരിഗണിച്ചാൽ ഇതിഹാസങ്ങളുടെ നിഷേധവായന പ്രബല പ്രവണതയായി വളർന്നിരിക്കുന്നു. പൊതുവെ പാരമ്പര്യഭക്തരാണ് മലയാളികൾ എന്നു തിരിച്ചറിയാൻ കാവ്യരംഗവും ഉപകരിക്കും. കൂടിയാട്ടം പോലുള്ള ക്ലാസിക് രംഗകലകളും കാക്കാരിശ്ശി നാടകം പോലുള്ള നാടോടി ഗാനങ്ങളും ലക്ഷ്മീപാർവതി സംവാദം പോലുള്ള കീർത്തനങ്ങളും പാവക്കൂത്തും നിഷേധവായനയുടെ മാതൃകകളായി ഇവിടെ ഓർക്കുന്നു.

ളാത്തറയുടെ കാവ്യാഖ്യായികയിൽ പ്രതിപാദ്യത്തിൽ മാത്രമല്ല പ്രതിപാദനത്തിലുമുണ്ട് പാരമ്പര്യബലം. മലയാളത്തിലെ കാവ്യഭാഷ

വ്യക്തിത്വം നേടിയത് എഴുത്തച്ഛൻ കവിതയിലാണല്ലോ. സംസ്കൃതവും തമിഴും കേരളീയ പാരമ്പര്യങ്ങളുടെ പാകത്തിൽ കലർത്തി എഴുത്തച്ഛൻ തയ്യാറാക്കിയ 'ഭാഷാക്രമ'ക്കണക്ക് ഇന്നും മലയാള മുഖ്യധാരാകവിതയിൽ കാണാം. നാടകം, സിനിമ തുടങ്ങിയ നവീന ദൃശ്യമാധ്യമങ്ങളുമായി ബന്ധപ്പെട്ടു കഴിഞ്ഞു കൂടിയിട്ടും മലയാള കാവ്യഭാഷയിൽ വലിയ മാറ്റം ഉണ്ടായിട്ടില്ല. എൻ.വി. കൃഷ്ണവാരിയരും അയ്യപ്പപ്പണിക്കരും കടമ്മനിട്ടയും ചുള്ളിക്കാടും പാലൂരും സച്ചിദാനന്ദനും കാവ്യഭാഷയിൽ വലിയ ക്ഷോഭങ്ങളുണ്ടാക്കിയെങ്കിലും തിരകൾ അടങ്ങിക്കഴിഞ്ഞപ്പോൾ കാവ്യഭാഷ പഴയവിതാനത്തിൽ തന്നെ! കാവ്യഭാഷയിൽ വമ്പിച്ച പരീക്ഷണം നടത്തിയ കവികൾ പദാവലിയിൽ മാത്രമല്ല, വൃത്താലങ്കാരങ്ങളിലും പാരമ്പര്യവഴിയിലേക്കു മടങ്ങി വന്നു. കവിതയുടെ ഏറ്റവും പുതിയ ഘട്ടത്തിൽ എസ്. ജോസഫ്, വീരാൻകുട്ടി തുടങ്ങിയ അനുഗൃഹീതകവികൾ സ്വന്തം പ്രതിച്ഛായ കാട്ടിത്തരുന്ന Selfie ക്യാമറ സങ്കേതം പോലുള്ള ഒരു കാവ്യഭാഷ രൂപപ്പെടുത്തിയിട്ടുണ്ട്.

'പോക്കെടമില്ലഅല്ലേ' എന്ന വാക്യമാണ്
ഞാൻ പ്രയോഗിച്ചിട്ടുള്ള
ഏറ്റവും വലിയ ധ്വനിയെന്നു തോന്നുന്നു,
കവിതയിലായാലും ജീവിതത്തിലായാലും'
(ധ്വനി, ഐഡന്റിറ്റി കാർഡ്)

എന്നെഴുതുന്ന എസ്.ജോസഫിന്റെ ഭാഷ മലയാള കാവ്യഭാഷയുടെ പുത്തൻപുതുമ അടയാളപ്പെടുത്തുന്നു. ചഞ്ചലതയാണ് ഈ ഭാഷയുടെ മൗലികത. ജീവിതനിന്ദയും ജീവിതവിമർശനവും പ്രകടമാക്കുന്ന വിച്ഛിന്ന ഭാഷയാണിത്. ശിഥില ഭാഷാശില്പങ്ങളായി അവ കവിതയിൽ ഇടം നേടുന്നു. അലങ്കാരങ്ങളോടല്ല, രൂപകങ്ങളോടാണ് അവയ്ക്കു മമത. ഇത്തരം ഭാഷയുടെ ഗഹനത എല്ലാവർക്കും തിരിച്ചറിയാൻ കഴിയുന്നില്ല. വാക്യഘടനയിലെ തന്ത്രങ്ങളും അട്ടിമറികളും പലരെയും അലോസരപ്പെടുത്തുന്നു. എന്നാൽ ഇതല്ല ഇന്നത്തെ സാമാന്യമായ കാവ്യഭാഷയുടെ സ്വഭാവം. പാരായണ സുഗമത, സംസ്കൃതപദപ്രാചുര്യം, കണ്ടേൻ ചൊന്നേൻ പോലുള്ള പഴഞ്ചൻ പോലുള്ള പഴഞ്ചൻ രൂപങ്ങൾ, ഉപമ പോലുള്ള അലങ്കാരങ്ങൾ, വൃത്തമൊപ്പിച്ചുള്ള വരികളും ശ്ലോകങ്ങളും-ഇവയെല്ലാം ഇന്നത്തെ കാവ്യഭാഷയുടെ പൊതുസ്വഭാവമാണ്.

'ഇനി നീ ശ്രവിക്കുന്ന
വാക്കുകളലൗകികം
ഇനിയ വിജ്ഞാനങ്ങൾ
ക്കൊക്കെയും അതീതങ്ങൾ
വാൾത്തല പോലീ വാക്ക്
തുളയാം ഹൃദയത്തിൽ

പേർത്തുമാ മനം മാറാം
ക്ഷുബ്ധസാഗരം പോലെ!'

എന്ന ശൈലിയിലാണ് ളാത്തറയുടെ കാവ്യഭാഷ. അതിന്റെ പാരമ്പര്യച്ചേർച്ച വിശദീകരിക്കേണ്ടതില്ല.

ഇന്ന് സാഹിത്യരൂപങ്ങളിൽ ഏറ്റവും പാരമ്പര്യാഭിമുഖ്യമുള്ളത് കവിതയാണ്. ഭാവുകത്വപരിണാമത്തെ കവിത സമർത്ഥമായി മറികടക്കുന്നു. പാരമ്പര്യബലം കൊണ്ടു സംവേദനം സുഗമമാക്കുന്നു. അനുപ്രാസവും ദ്വിതീയാക്ഷരപ്രാസവും ഇന്നും മലയാള കവിതയിൽ കോയ്മ പുലർത്തുന്നു. ഇതിന്റെ സഫലതയാണ് പരിശോധിക്കേണ്ടതും വിലയിരുത്തേണ്ടതും. ഇടശ്ശേരി, പി.ഭാസ്കരൻ, ഒ. എൻ.വി തുടങ്ങിയ കവികൾ നാടോടി ഈണങ്ങളും ഉള്ളു കാട്ടുന്ന ഭാഷയും കൊണ്ട് കാവ്യഭാഷയിൽ നടത്തിയ പരീക്ഷണങ്ങൾ മലയാളിക്കു മറക്കാനാവില്ല. ഏറെക്കുറെ ഇടമുറിയാത്തതാണ് ആ പാരമ്പര്യധാര. ഭക്തിസാഹിത്യത്തിൽ അതിന്റെ ബഹുമുഖത്വമാണ് സമകാലികരായ അക്കിത്തം, വിഷ്ണുനാരായണൻ നമ്പൂതിരി, സുഗതകുമാരി, പ്രഭാവർമ്മ തുടങ്ങിയവർ വെളിവാക്കുന്നത്.

എന്റെ കൈയിലിരിക്കുന്ന കൃതി-എ.ടി. ളാത്തറയുടെ ക്രിസ്തുഗീത പാരമ്പര്യധാരയിൽ മലയാളകാവ്യമണ്ഡലത്തിൽ, വിശിഷ്യ ക്രൈസ്തവ ഭക്തികാവ്യപ്രസ്ഥാനത്തിൽ ഇടം നേടുമെന്നു ഞാൻ വിശ്വസിക്കുന്നു.